# PSSSGLPS
# ULLALA

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# Profile

| | |
|---|---|
| Name of school | : PSSS GLPS ULLALA |
| School code | : 45210 |
| District | : Kottayam |
| Taluk | : Vaikom |
| Panchayath | : Thalayazham |
| AEO | : Vaikom |
| BRC | : Vaikom |
| CRC | : GLPS Thottakom |
| Village | : Thalayazham |
| DEO | : Kaduthuruthy |
| E mail id | : glpsullala@gmail.com |

# ആമുഖം

വൈക്കം താലൂക്കിലെ തലയാഴം ഗ്രാമപഞ്ചായത്ത് 5-ാം വാർഡിലാണ് ഉല്ലല ഗവ. എൽ. പി. സ്കൂൾ, സ്ഥിതി ചെയ്യുന്നത്.

1912 ൽ ശ്രീ. പുത്തുമന വാസുദേവൻ ഉണ്ണി എന്ന വ്യക്തിയുടെ സ്ഥലത്ത് ആരംഭിച്ച ഏകാധ്യാപക വിദ്യാലയം പിന്നീട് എസ് എൻ ഡി പി, കോൺഗ്രസ് പ്രവർത്തകരുടെ മുൻകൈയോടുകൂടി ഗവണ്മെന്റ് ഏറ്റെടുത്ത് കൂടുതൽ അധ്യാപകരും വിദ്യാർത്ഥികളുമുള്ള സ്കൂൾ ആയി മാറി.

SSA, പഞ്ചായത്ത്, മറ്റ് സാംസ്കാരിക സംഘടനകൾ തുടങ്ങിയവരുടെ എല്ലാം ആഭിമുഖ്യത്തോടുകൂടി ഈ സ്കൂൾ ഇന്ന് തലയാഴം പഞ്ചായത്തിലെ മികച്ച സ്കൂളുകളിൽ ഒന്നായി നിലകൊള്ളുന്നു.

സ്കൂളിനാവശ്യമായ ഫർണിച്ചർ, ചുറ്റുമതിൽ തുടങ്ങിയവ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിലൂടെ നേടിയതാണ്. വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി സ്കൂൾ കോമ്പൗണ്ട് പകുതിയോളം ടൈൽ പാകി വൃത്തിയാക്കിയിട്ടുണ്ട്.

# 2025-26 അധ്യയനവർഷത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| പ്രീപ്രൈമറി | | | ക്ലാസ് I | | | ക്ലാസ് II | | | ക്ലാസ് III | | | ക്ലാസ് IV | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| B | G | T | B | G | T | B | G | T | B | G | T | B | G | T |
| 11 | 11 | 22 | 5 | 8 | 13 | 5 | 8 | 13 | 3 | 7 | 10 | 3 | 8 | 11 |

## ആമുഖം

2025- 26 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിരിക്കുന്നു. അക്കാദമിക നേട്ടങ്ങൾക്കൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ കൂടി ലക്ഷ്യം വയ്ക്കുന്നു.

## പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ

* ഭാഷാശേഷി വികാസത്തിലൂടെ ഒന്നാം തരത്തിലെ ഓരോ കുട്ടിയും സ്വതന്ത്ര രചനയിലേക്ക്
* സംയുക്ത ഡയറിയിൽ നിന്ന് സ്വതന്ത്ര രചനയിലേക്ക്
* പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം
* ഗണിത ചിന്തയിലൂടെ ഗണിത ബോധനം
* പ്രവർത്തനങ്ങളിലൂടെ ശാസ്ത്രാവബോധം
* Language enhancement through activities

# പ്രവർത്തന കലണ്ടർ

| NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | മധുരം മലയാളം | June - March |
| 2 | സംയുക്ത ഡയറി | Jul - March |
| 3 | പാഠരങ്ങ് | Jun - March |
| 4 | ക്ലാസ് പത്രം | Jun - March |
| 5 | ഭാഷോത്സവം | Aug - March |
| | ഗണിത കിറ്റ്<br>ചെല്ലം പഠിക്കാം | June - March |
| | പക്ഷികളും ചെടികളും<br>ചെല്ലം രസിക്കാം | Aug - March<br>Jul - March |
| | Come, let's speak<br>Sing a song. | June - March<br>June - March. |

മധുരം മലയാളം

ജൂൺ 19 വായനാദിനത്തിൽ തുടങ്ങാം . ബാലസാഹിത്യ കൃതികൾ പരിചയപ്പെടൽ

* രക്ഷിതാക്കളുടെ സഹായത്തോടെ ആസ്വദിക്കൽ
* സ്വന്തം രീതിയിൽ അവതരിപ്പിക്കൽ
* ചിത്രവായനയിൽ നിന്ന് ഭാവാത്മക വായന
* സ്വതന്ത്രവായന - സ്വതന്ത്ര രചന
* CPTA യിൽ അവലോകനവും തുടർപ്രവർത്തനങ്ങളും

സംയുക്തഡയറി

* രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിന അനുഭവങ്ങൾ രേഖപ്പെടുത്തൽ
* CPTA യിൽ ഡയറി എഴുത്തിന്റെ ഘടന പരിചയപ്പെടുത്തൽ
* രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ
* നിരന്തര വിലയിരുത്തൽ, പങ്കുവയ്ക്കൽ, പ്രദർശനം
* സചിത്ര ഡയറി പുസ്തക രൂപത്തിലേയ്ക്ക്
* സംയുക്ത ഡയറി പ്രകാശനം

പാട്ടരങ്ങ്

* ഭാഷാ പഠനത്തിൽ താളബോധം
* ഈണം, താളം, ഭാവം, ആശയം എന്നിവ ഉൾക്കൊണ്ട്

വരികൾ കൂട്ടിച്ചേർക്കൽ

* വാദ്യോപകരണങ്ങളുടെ സഹായത്തോടെ ഈണം കണ്ടെത്തി അവതരിപ്പിക്കൽ
* പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെ പിന്തുണ ഉറപ്പാക്കൽ
* ഭിന്നനിലവാരക്കാരെ പരിഗണിക്കൽ
* പുതിയ കവിതകൾ വായനാകാർഡുകളാക്കൽ
* വീഡിയോ ഡോക്യുമെന്റേഷൻ

ക്ലാസ് പത്രം

ഭാഷാ പഠനവുമായി ബന്ധപ്പെട്ട പഠനത്തോ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും

* ക്ലാസ് PTA യിൽ അവതരിപ്പിക്കുന്ന പിന്തുണ ഉറപ്പാക്കുന്നു.
* അനുഭവക്കുറിപ്പുകൾ വാർത്താരൂപത്തിൽ എഴുതുന്നു.
* എഡിറ്റിംഗ് നടത്തി ക്ലാസ് പത്രം തയ്യാറാക്കൽ
* അസംബ്ലിയിൽ പ്രദർശനം
* വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പുകൾ
* വായനകാർഡുകളായി മാറൽ

ഭാഷോത്സവം

മുഴുവൻ കുട്ടികളും സ്വതന്ത്ര വായനക്കാരായി മാറാനും സ്വതന്ത്ര രചനകൾ തയ്യാറാക്കാനും.

ഭാഷോത്സവം

* മുഴുവൻ കുട്ടികളും സ്വതന്ത്രവായനക്കാരായി മാറാനും സ്വതന്ത്ര രചനകൾ നടത്താനും
* SRG യിൽ ആസൂത്രണം
* PTA യിൽ അവതരണം
* Resource person ന്റെ സഹകരണം ലഭ്യമാക്കൽ
* മികവുകൾ ലിസ്റ്റു ചെയ്യൽ
* സാമൂഹിക പങ്കാളിത്തത്തോടെ പ്രദർശനം
* ജനുവരി / ഫെബ്രുവരിയിൽ സമാപനം
* അവലോകനം

Maths Kit

ഗണിത പഠനത്തിന് സഹായകരമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയാറാക്കൽ

* ക്ലാസ് PTA യിൽ അവതരണം
* മാതൃക പരിചയപ്പെടുത്തൽ
* ശില്പശാല ഉൽപന്നങ്ങൾ തയാറാക്കൽ
* കിറ്റ് ഉപയോഗിച്ച് ഗണിത പ്രശ്നനിർധാരണം ചെയ്യാം പഠിക്കാം

ഗണിത കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഗണിത പഠനം രസകരമാക്കൽ. ഒന്നാം ക്ലാസിനു അനുയോജ്യമായ ഗണിത കളികൾ.

# നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തനപദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു.

* പരിസരപഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
* നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ക്ലാസ്പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
* മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്നു.
* പുറംവാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
* പാഠപുസ്തകത്തിലെ ~~പ്രവർത്തന~~ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

## ക്ലാസ്പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠനതന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്പത്രം.

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
* രചനാശേഷി പരിപോഷിപ്പിക്കുന്നു.
* വ്യത്യസ്ത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

## സചിത്ര പുസ്തകം

ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ സചിത്ര പുസ്തകം സഹായകമായിട്ടുണ്ട്. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

* റീഡേഴ്സ് തിയേറ്റർ SRG യിൽ ആശയം പങ്കിടൽ
* ക്ലാസ് PTA യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പുവരുത്തലും.

## സംയുക്തഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ അനുഭവാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്തഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മകരചനയിലേക്ക് നയിക്കുന്നതിൽ സംയുക്തഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ചിത്രവായന വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്തഡയറിയിലൂടെ സാധിക്കും.

* സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
* ക്ലാസ് പി.ടി.എ യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു. (ജൂൺ ആദ്യവാരം)
* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* ടീച്ചർ ഡയറി പരിശോധിക്കുന്നു. കുറിപ്പുകളും ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
* കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
*

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

* പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.
* ക്ലാസ് പിടിഎ യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.
* തുടർ പാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ, വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ

# ഗണിതം

ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു എഴുതുന്നു (100 ൽ താഴെ)

* 100 വരെയുള്ള സംഖ്യകളുടെ എണ്ണൽ, സങ്കലനം വ്യവകലനം, ഗുണാപഹരണം എന്നിവയിൽ ശേഷി കൈവരിക്കും.
* ഗണിതകിറ്റിന്റെ സഹായത്തോടെ അടിസ്ഥാന ശേഷികൾ ആർജ്ജിക്കും.
* രണ്ടക്ക സംഖ്യകളെ വ്യത്യസ്തരീതിയിൽ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു.
* കലണ്ടർ നോക്കി നിശ്ചിത തീയതി, ദിവസം, സംഖ്യാപാറ്റേണുകൾ, സംഖ്യാബന്ധങ്ങൾ എന്നിവ കണ്ടെത്തുന്നു.

# English

* Add two or three exchanges to a conversation.
* Describe objects, people
* concept map on park
* Engages in theatre games
* Comprehend and enjoy simple stories
* Follow instructions to make a kite using paper and other
* Frame sentences using simple adjectives
* Uses the conjunction 'and' in meaningful contexts
* Draw a picture of a bird and describe it.
* Write simple conversations
* Identifying natural objects - trees, fire, wind, cloud, rain etc.
* Write thoughts of characters
* Describe things in oral and written form
* Project work on leaf album

# Std III

## മലയാളം . ക്ലാസ് - 3

ലക്ഷ്യം:

വായന: മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുന്നതിന്.

കാലം: ജൂൺ - മാർച്ച്.

- പ്രീടെസ്റ്റ് (ജൂൺ)
- ക്ലാസ് ലൈബ്രറി വിതരണം
- സ്കൂൾ ലൈബ്രറി വിതരണം
- ക്ലാസ് ലൈബ്രറി അംഗങ്ങളാക്കൽ.
- വായന മൂല
- അമ്മ വായന. അമ്മമാരുടെ വായനക്കുറിപ്പുകൾ ക്ലാസ് പി.ടി.എ യിൽ അവതരിപ്പിക്കുന്നു.

വായനക്കാർഡുകൾ തയ്യാറാക്കുന്നു.

ലേഖനം:-

വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.

അക്ഷരം തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചനകൾ നടത്തുവാനുള്ള ശേഷി കൈവരിക്കൽ.

കാലയളവ് - ജൂൺ - മാർച്ച്.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചന നടത്തുക.

സ്വന്തമായി തയ്യാറാക്കുന്ന വ്യവഹാര രൂപങ്ങൾ ചേർത്ത് പതിപ്പ് തയ്യാറാക്കൽ.

അക്കാദമികം

## ഗണിതം

ലക്ഷ്യം: ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ-
ക്കുറിച്ചുള്ള ധാരണ നൽകുന്നു.

കാലം: - ജൂൺ - ജൂലൈ.

* ഈർക്കിലുകൾ, മുത്തുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു.

* 999 വരെയുള്ള സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനി-ക്കുന്നു. → [ആഗസ്റ്റ്.

  സംഖ്യാ പാറ്റേണുകൾ, നാണയങ്ങൾ, കളിനോട്ടുകൾ എന്നിവയുടെ ഉപയോഗം.

ലക്ഷ്യം: എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക.
- സെപ്റ്റംബർ.

* വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഊഹിക്കൽ

• സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ-
[ ഒക്ടോബർ - നവംബർ ]

• മനക്കണക്കുകൾ • നിത്യജീവിതവുമായി ബന്ധപ്പെടുത്തിയവ

• ഗുണന വസ്തുതകൾ നേടൽ → ഡിസംബർ. - ജനുവരി

* ഉദാ: കണക്കുകൾ, മഞ്ചാടിക്കുരു

• ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ.
ഫെബ്രുവരി - മാർച്ച്

* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

* ICT വിഭവങ്ങൾ ഉപയോഗിക്കുന്നു.

[illegible]

## പരിസരപഠനം.

ലക്ഷ്യം: നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം.

* സസ്യങ്ങളുടെ തരംതിരിക്കൽ - ജൂൺ - ജൂലൈ.
  പ്രകൃതി നടത്തം - പാഠം., വിദ്യാലയം
* പ്രകൃതി സംരക്ഷണം - ആഗസ്റ്റ് - സെപ്റ്റംബർ.
  മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.
  * മഴക്കുഴി നിർമ്മാണം. * വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ.

വൃത്തി ശുചിത്വം: - സെപ്റ്റംബർ - ഒക്ടോബർ

* കൈ കഴുകൽ - പരിശീലനം, * ശുചിത്വ സന്ദേശങ്ങൾ.
* പോസ്റ്റർ നിർമ്മാണം. വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ.

# English

Aim: To speak, Read & write English without any mistakes.

Time: June to March.

To check the vocabulary and writing skills of pupils.

Activities.

June and July

pre-test

To Develop listening skills and reading skills.

Listening skills.

- Games, Action songs.
- Hello english Activities
- conversations
- skit stories
- Use ICT

Speaking skills:

- Identify the naming words from the Picture.
- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the Picture.

- Growing sentences:-

Picture reading, self introductions.

August and September

Develop the creative speaking and writing.

Reading skills

Books reading. * Find words * collect and read Past tense, * Rhyming words, TB Activities

Writing skills

Make word web. * Picture description • word chain
• Make words and sentences • Make riddles • conversation
• Add more lines.

October and November :-

To express thoughts, feelings etc..

Reading skills: -

Library book reading, conversations, skit, stories use LCP, Read notice, Develop story.

Writing skills:-

Description thoughts

December and January

Develop the creative speaking and writing.

Reading skills:-

Library books reading • conversations, skit stories use LCP • Develop story • Reads diary.

Writing skills

Diary • Announcement.

February and March

To improve the presentation power.

Reading skills

Library books reading
Conversations, skit. stories
Develop story.

Writing skills

- Diary
- Descriptions
- Thoughts
- Exhibitions.

# Std IV

## ആമുഖം

2025-26 അധ്യയനവർഷത്തിൽ നാലാംക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാര ഉയർന്നതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയാണിത്. രക്ഷിതാക്കളുടെ പൂർണപിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് ഇത് രൂപകൽപന ചെയ്തിരിക്കുന്നത്. ഭാഷ, പരിസരപഠനം, ഗണിതം എന്നി വിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. പഠനപ്രവർത്തനം ആസ്വാദ്യമാക്കുക, സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തിലെ വിലയിരുത്തൽ, പഠനപ്രവർത്തനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയ കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

മലയാളം

ലക്ഷ്യം

* നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലൂടെ അസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക.
* ഓരോ കുട്ടിയുടെയും വ്യക്തിഗതപോരായ്മകൾ തിരിച്ചറിഞ്ഞ് അവ പരിഹരിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണാ സംവിധാനം. |
|---|---|---|---|
| * ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. അക്ഷരപരിചയ വായനകാർഡ് നൽകൽ. പദങ്ങൾ കൂട്ടിച്ചേർക്കൽ. ചിഹ്നം ചേർക്കൽ. | ജൂൺ മുതൽ ലക്ഷ്യം നേടുന്നതുവരെ. | SRG. ക്ലാസ് ടീച്ചർ. |
| * രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന് | SRG കൂടുന്നു. | മെയ് അവസാന ആഴ്ച. | ~~SRG~~ SRG PTA. |

| | | | |
|---|---|---|---|
| വായനാശേഷി വളർത്തൽ | വായനമൂലസജ്ജീകരിക്കുന്നു. പുസ്തകപരിചയം. പുസ്തകവിതരണം നടത്തുന്നു. | ജൂൺ. | |
| | രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂലൈ-മാർച്ച്. | |
| ചെറിയ രചനകൾ തയ്യാറാക്കുന്നതിന്. | അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | എല്ലാ മാസവും. | ക്ലാസ്ടീച്ചർ |
| വീട്ടിൽ ഒരു ലൈബ്രറി. | | | |
| * എഴുത്ത് പരിപോഷിപ്പിക്കുന്നതിന്. | സർഗ്ഗാത്മക ഡയറിയെഴുത്ത് | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ |
| * പാഠഭാഗത്തെ | പാഠഭാഗത്തിൽ നിന്ന് നേടിയ ശേഷി എഴുത്തിലൂടെ പ്രകടിപ്പിക്കുന്നു. | | ക്ലാസ് ടീച്ചർ. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ്. | പിന്തുണാ സംവിധാനം |
|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ. ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ | വർഷം മുഴുവൻ | SRG ക്ലാസ്_ ടീച്ചർ |
| • കര ചലനശേഷി വികാസം. | ഒറിഗാമി. ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ. |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ സംവിധാനം |
|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| നിരീക്ഷണം. അറിവ് നിർമ്മാണം. | പ്രകൃതിനടത്തം. | ആവശ്യാനുസരണം ജൂൺ - മാർച്ച് | |
| ആരോഗ്യശീലം. ശുചിത്വശീലം തുടങ്ങിയവ വളർത്താൻ. | വീഡിയോപ്രദർശനം, ചർച്ചകൾ. | ജൂൺ | ക്ലാസ് ടീച്ചർ. |

English

Aim

* To speak, read & write English without any mistakes.

Time June July August.

June

* Pre test.

To develop listening skills and reading skill first.

Listening Skills

Games, action songs, skit, conversation etc.

Speaking skills

*. growing sentences, picture reading, self introduction. speech etc.

July & August

news paper reading, rhyming words.

Text book activities.

picture description, make words and sentences.